# നാവിറങ്ങിപ്പോയ മലയാളി

## (ജനകീയാരോഗ്യസമ്മേളനത്തിന്റെ അനുഭവക്കുറിപ്പ്)

സി.ആർ. നീലകണ്ഠൻ നമ്പൂതിരി

ആരോഗ്യരംഗത്തെ സൂചകങ്ങൾ വെച്ച് ഒന്നാംലോകത്തിലെ പൗരന്മാരോട് തങ്ങൾ സമന്മാരാണ് എന്നഭിമാനിക്കുന്നവരാണ് മലയാളികൾ. ശിശുമരണനിരക്ക്, ശരാശരി ആയുസ്സ്, സ്ത്രീ-പുരുഷ അനുപാതം, സ്ത്രീ സാക്ഷരത എല്ലാം..........മലയാളികൾ മുന്നിലാണ്. സാമൂഹ്യരാഷ്ട്രീയരംഗങ്ങളിലെ പരിവർത്തനങ്ങളും അതിന്റെ അടിസ്ഥാനത്തിലുള്ള 'കേരള മോഡലും' അതാണ്. ജനകീയാരോഗ്യ പ്രവർത്തകർ ലോകത്താകെ ആവശ്യപ്പെടുന്ന അധികാരവികേന്ദ്രീകരണവും ഏറെ മുന്നോട്ടുപോയ സംസ്ഥാനമാണ് നമ്മുടേത്. ഇതിന്റെയെല്ലാം ഫലമായി കേരളം ഇന്ത്യയ്ക്കാകെ മാതൃകയാണെന്ന് നമ്മൾ മാത്രമല്ല, മറ്റുള്ളവരും പറയാറുണ്ട്. ഈ അഭിമാനത്തോടെ ഏത് അഖിലേന്ത്യാസമ്മേളനങ്ങളിലും (പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവയിൽ) മലയാളിസംഘങ്ങൾ 'കടന്നിരിക്കാ'റുണ്ട്. കേരളത്തിന്റെ അനുഭവങ്ങൾ എന്താണ് എന്ന് പൊതുവേദികളിലും സ്വകാര്യസംഭാഷണങ്ങളിലും ഇവർ ചോദിക്കാറുമുണ്ട്. കൽക്കത്ത സമ്മേളനത്തിന്റെ ദേശീയ കോർഡിനേറ്ററായി കേരളത്തിലെ ജനകീയാരോഗ്യരംഗത്തെ സമാദരണീയനായി ഡോ. ബി. ഇക്ബാൽ നിയോഗിക്കപ്പെട്ടതും പ്ലീനറിസമ്മേളനത്തിൽ 'ജനകീയാരോഗ്യ അവകാശപ്രഖ്യാപനം' അവതരിപ്പിക്കാൻ അദ്ദേഹം നിയുക്തനായതും മലയാളിക്ക് അഭിമാനകരമാണ്.

ഈ അഭിമാനത്തോടെയാണ് പതിനഞ്ചോളം വ്യത്യസ്ത സംഘടനകളെ പ്രതിനിധീകരിച്ച് നൂറിലധികം മലയാളികൾ ഉൾപ്പെടുന്ന കേരളസംഘം സമ്മേളനത്തിൽ പങ്കെടുത്തത്. കേരളത്തിലെ പ്രമുഖ ജനകീയ ശാസ്ത്രപ്രസ്ഥാനമായ ശാസ്ത്രസാഹിത്യപരിഷത്തിലെ അംഗങ്ങളായിരുന്ന സംഘത്തിൽ ബഹുഭൂരിപക്ഷവും എന്നതും സ്വാഭാവികം. എന്നാൽ സമ്മേളനം കഴിഞ്ഞുമടങ്ങുമ്പോൾ മലയാളിയുടെ 'തല' പോയപ്പോഴത്തെയത്ര ഉയർന്നിരുന്നില്ലെന്നതാണ് സത്യം.

കേരളത്തിലെ ആരോഗ്യരംഗത്ത് എന്തെങ്കിലും പ്രശ്നങ്ങളുണ്ടോ? ഉണ്ടെങ്കിൽ അവയെന്താണ്? ഇവക്കെതിരായി എന്തു പ്രതിരോധമാണ് നമുക്ക് സാദ്ധ്യമാകുക? മറ്റു സംസ്ഥാനങ്ങളിൽ രോഗപ്രതിരോധകുത്തിവെപ്പുകൾ നടത്താനുള്ള സംവിധാനങ്ങളുടെ അപര്യാപ്തതകളെക്കുറിച്ചുള്ള പരാതിയാണുള്ളതെങ്കിൽ നമ്മുടെ നാട്ടിൽ ഹെപ്പാറ്റിറ്റിസ് - ബി തുടങ്ങി ഇപ്പോൾ ചിക്കൻപോക്സിനുവരെയുള്ള കുത്തിവെപ്പുകൾ നടത്തി വൻതട്ടിപ്പുകൾ തുടരുകയാണ്. 'ആധുനിക ചികിത്സാ'വിധികളുടെ മേൽക്കോയ്മ അംഗീകരിക്കപ്പെടുന്നതുമൂലം നാം ഉയർത്തുന്ന ആഗോളവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനും മറ്റുമെതിരായ മുദ്രാവാക്യങ്ങൾ അർത്ഥശൂന്യമാകുന്നു. മരുന്നുകളുടേയും ആധുനികചികിത്സാവിധികൾക്കുള്ള ഉപകരണങ്ങളുടേയും കമ്പോളത്തിൽ മലയാളി അടിമയാണിന്ന്. ആരോഗ്യരംഗത്തുനിന്നും പൊതുമേഖല പിന്മാറുന്നതിനെതിരായി മുദ്രാവാക്യങ്ങൾക്കപ്പുറം നമുക്കെന്തുചെയ്യാനായി? പൊതുമേഖലാസംരക്ഷണം രാഷ്ട്രീയമുദ്രാവാക്യമായി ഉയർത്തുമ്പോഴും വ്യക്തിതലത്തിൽ ഈ 'സ്വകാര്യ' മേഖലയുടെ സൗകര്യങ്ങൾ ആഗ്രഹിക്കുന്ന ഇരട്ടവ്യക്തിത്വക്കാരായി മലയാളി മാറിയിരിക്കുന്നു.

കുടിവെള്ളം-ശുചിത്വം-പരിസ്ഥിതി തുടങ്ങി പോഷകാഹാരക്കുറവ്‌വരെയുള്ളവ ആരോഗ്യരംഗത്തെ പ്രശ്നങ്ങളാണെന്ന് നാം ക്ലാസ്സുകളിൽ പഠിപ്പിക്കും. എന്നാൽ ഇവയെല്ലാം ഇതിനിടയിൽതന്നെ മലയാളിക്കു നഷ്ടമായ കഥ നാമറിഞ്ഞതേയില്ല. ('ഞങ്ങളിതു പണ്ടേ പറഞ്ഞതാണ്' എന്ന ദുരഭിമാനത്തിനു പ്രസക്തിയില്ല. അതിനെന്തുചെയ്തു എന്നതാണ് പ്രശ്നം). എല്ലാ പ്രശ്നങ്ങൾക്കും ആധുനികശാസ്ത്രത്തിന്റെ ശരിയായി ഉപയോഗം വഴി പരിഹാരം നേടാമെന്നുള്ള അന്ധവിശ്വാസം ശാസ്ത്രീയചിന്തയാണെന്ന ധാരണ ശാസ്ത്രസാഹിത്യപരിഷത്തിനെപ്പോലുള്ള സംഘടനകൾക്കിപ്പോഴുമുണ്ടെന്നതാണ് പ്രശ്നം. അതുകൊണ്ടുതന്നെ വൻനഗരത്തിലെ മാലിന്യങ്ങൾ അടുത്ത ഗ്രാമത്തിൽ കൊണ്ടുപോയി നിക്ഷേപിച്ചതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, നടത്തിപ്പിന്റെ പ്രശ്നം മാത്രമായി ഇവർ കാണുന്നു. നഗരത്തിൽ എവിടെ സ്ഥലം? തുടങ്ങിയ സാമാന്യ (കേവല) യുക്തിയുടെ ചോദ്യങ്ങൾ മാത്രം ഇവരും ആവർത്തിക്കുന്നു. കുടിവെള്ളം - പരിസ്ഥിതി - ആരോഗ്യം എന്ന ചർച്ചാവേദിയിൽ മലയാളികൾക്ക് ഫലപ്രദമായി ഒന്നും പറയാനുണ്ടാകാഞ്ഞത് ഇതുമൂലം തന്നെ.

ആദിവാസികളുടേയും കുടിയൊഴിപ്പിക്കപ്പെട്ടവരുടേയും ആരോഗ്യപ്രശ്നങ്ങൾ ചർച്ച ചെയ്ത വേദിയിലും സ്വത്വം എന്നത് എന്തെന്നറിയാത്ത മലയാളിക്ക് വായ് തുറക്കാനായില്ല. ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതാണ് ശരിയെന്നാണല്ലോ നമ്മുടെ വിശ്വാസം. (അതുകൊണ്ടുതന്നെ പൊതുവേദിയിൽ മേധയുടെ പ്രസംഗത്തോട് മറ്റു സംസ്ഥാനക്കാരുടേതുപോലെ പ്രതികരിക്കാൻ നമുക്കായില്ല. ) എവിടെ (ഏതു സമൂഹത്തിൽ) ചെന്നാലും ചേരയുടെ നടുത്തുണ്ടംതന്നെ തിന്ന് (നിന്നുപിഴച്ചുന്ന) അവിടെ അംഗീകാരം നേടുന്നതിൽ പ്രസിദ്ധനാണല്ലോ മലയാളി.

ഇപ്പോൾ സ്വന്തം സമൂഹത്തിലും അന്യന്റെ ചേരയെ ഇറക്കുമതി ചെയ്തുകൊണ്ടുവന്ന് നടുത്തുണ്ടം തിന്നുന്നവനായി മാറിയിരിക്കുന്നു നാം. അതുകൊണ്ടുതന്നെ മലയാളത്തിലും മലയാളിയില്ലാതായിരിക്കുന്നു. കുടിയൊഴിക്കലും പാലായനവും ഒരു പ്രശ്നമേയല്ലല്ലോ നമുക്ക്.

പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇന്ന് എങ്ങിനെ പ്രവർത്തിക്കണം എന്നു നമുക്കറിയില്ല. മറ്റു സംസ്ഥാനക്കാരുടെ അവതരണങ്ങൾ (അപര്യാപ്തമായ സംവിധാനങ്ങളെക്കുറിച്ച്) കേൾക്കുമ്പോൾ ഇതൊക്കെ നമ്മുടെ നാട്ടിൽ എന്നേ ആയി എന്നു പറഞ്ഞുകൊണ്ട് ചാഞ്ഞിരിക്കുന്ന മലയാളി ആമയും മുയലും എന്ന പഴയ കഥയിലെ മുയലിനെപ്പോലെ ഉറങ്ങുകയാണ്. രോഗപ്രതിരോധത്തിന് ശുദ്ധജലം, മാലിന്യനിർമ്മാർജ്ജനം, ജീവിതശൈലിയിലെ ഉപഭോഗത്വര, കൂട്ട ആത്മഹത്യകൾ തുടങ്ങിയ അത്യാവശ്യമായ ഘടകങ്ങളിൽ ഇടപെടാനാവുന്ന ഒരു കേന്ദ്രമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ രൂപപ്പെടുത്തണമെന്ന് നമുക്കാലോചിക്കാൻ പോലും പറ്റുന്നില്ല. വികേന്ദ്രീകൃതാസൂത്രണംവഴി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ജനങ്ങളുടെ കയ്യിൽ കിട്ടിയിട്ടും സ്ഥിതിക്കൊരു വ്യത്യാസവുമില്ല.

പെൺഭ്രൂണങ്ങളെ നശിപ്പിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചാവേദിയിൽ 'സ്ത്രീ-പുരുഷ' അനുപാതം സ്ത്രീക്കനുകൂലമായ കേരളത്തിൽ ഇതിനു പ്രസക്തിയില്ലെന്ന നിലപാടായിരുന്നു നമുക്ക്. എന്നാൽ കേരളത്തിലും ഇതു നടക്കുന്നുവെന്ന പല കണ്ടെത്തലുകളും ആദിവാസികൾ, മത്സ്യരംഗത്തുള്ളവർ തുടങ്ങിയവർക്കിടയിൽ സ്ത്രീകളുടെ എണ്ണം കുറയുന്നുവെന്ന തിരിച്ചറിവും നമ്മെ അലട്ടുന്നില്ല. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും ആരോഗ്യവും എന്ന വേദിയിലും മലയാളികൾ മൂകരായിരുന്നു.

അധികാരവികേന്ദ്രീകരണവും പഞ്ചായത്തിന്റെ കടമകളും എന്ന ചർച്ചയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പണവും അധികാരവും നൽകി കേരളം സൃഷ്ടിച്ച മാതൃക ഡോ. ബി. ഇക്ബാൽ നന്നായി അവതരിപ്പിച്ചു. മറ്റു സംസ്ഥാനക്കാർ അത്ഭുതപ്പെട്ടു. എന്നാൽ ചില ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനായതൊഴിച്ചാൽ ആരോഗ്യരംഗത്തെ യഥാർത്ഥ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് പറയാൻ നമുക്കാവില്ല.

കേരളസംഘത്തിന്റെ താരതമ്യഗുണനിലവാരവും കുറവായിരുന്നു എന്നു സമ്മതിച്ചേ തീരൂ. ശാസ്ത്രസാഹിത്യപരിഷത്തിന്റെ പല പ്രമുഖ പ്രവർത്തകരും മറ്റു പലയിടത്തും തിരക്കിൽ പെട്ടതിനാൽ വന്നില്ല. സ്ത്രീകളുടെ പങ്കാളിത്തം തീർത്തും മോശമായിരുന്നു. സമ്മേളനാനന്തരം രാത്രിയിൽ ഓരോ സംസ്ഥാനക്കാരും കലാപരിപാടികൾ അവതരിപ്പിച്ചു.

മറ്റു സംസ്ഥാനക്കാർ സ്ത്രീ പുരുഷന്മാർ ഒന്നുചേർന്ന് പാട്ടുപാടി ആടി സദസ്സിനെ താളലയത്തിൽ ആറാടിച്ചു. (അവരൊന്നും പ്രൊഫഷണൽ പാട്ടുകാരായതുകൊണ്ടല്ല, ആ താളങ്ങൾ ജനകീയമായതുകൊണ്ടാണ് - തൊണ്ടമറന്നു പാടിയതുകൊണ്ടും മെയ് മറന്ന് ആടിയതുകൊണ്ടുമാണ്) പക്ഷെ, നമ്മുടെ സംഘം തത്വചിന്താപരമായ പാട്ടുകൾ പാടി മയിൽക്കുറ്റിപോലെ നിന്നു! ഭാഷയറിയാത്തവരാണ് മുന്നിലിരിക്കുന്നവരെന്ന് നാം മറന്നുപോയി. ഒരുപക്ഷെ മനസ്സറിഞ്ഞ് ജനകീയതാളത്തിൽ പാടാനാവുന്ന പാട്ടുകൾ നാം മറന്നുപോയോ?